പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 257 | 05.03.2012-ൽ മറുപടിക്ക്

## വിദേശമദ്യ വില്പനശാല മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ബിവറേജസ് കോർപ്പറേഷൻ വക വിദേശമദ്യ വില്പനശാല മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ; | (എ) കൊല്ലം, പരവൂർ കോട്ടപ്പുറം എൻ.എസ്.എസ് കരയോഗം നം.1372-ന്റെ സെക്രട്ടറി ശ്രീ.ജെ.വിജയൻപിള്ള, കൊല്ലം ജില്ലാ കളക്ടറെ അഭിസംബോധന ചെയ്ത് സമർപ്പിച്ച നിവേദനത്തിന്റെ പകർപ്പ് എക്സൈസ് കമ്മീഷണർക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ പൊതുജനങ്ങൾക്കും വഴിയാത്രക്കാർക്കും ഏറെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്ന പ്രസ്തുത സ്ഥാപനം മാറ്റി സ്ഥാപിക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (ബി) കൺസ്യൂമർ ഫെഡിന്റെ ടി എഫ്.എൽ.1 ഷോപ്പ് നം.02012 (ലൈസൻസ് നം. 12/2011-12) കഴിഞ്ഞ 10 വർഷക്കാലമായി, കൊല്ലം താലൂക്കിൽ, കോട്ടപ്പുറം വില്ലേജിൽ മാർക്കറ്റ് റോഡിൽ പ്രവർത്തിച്ചു വരുന്നു. ടി സ്ഥാപനം ടി സ്ഥലത്തു നിന്നും മാറ്റണമെന്ന പരാതിയിലെ ആവശ്യം കൺസ്യൂമർ ഫെഡിന്റെ അധികാരികളെ അറിയിച്ചിട്ടുണ്ട്. നിയമാനുസരണം സ്ഥാപിക്കത്തക്ക കെട്ടിടം ലഭിച്ചാലുടൻ അവിടെ നിന്നും ടി ഷോപ്പ് മാറ്റി സ്ഥാപിക്കുന്നതാണെന്ന് ടി ഷോപ്പിന്റെ അധികാരികൾ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ